10938
3/11/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ജലവിഭവ വകുപ്പ്-കേരള വാട്ടർ അതോറിറ്റി- WP(C) No.32558/2017 കേസിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം- NMR ആയി സേവനമനുഷ്ഠിച്ച് വരുന്ന ഹർജിക്കാരായ 15 ജീവനക്കാർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജലവിഭവ (ജലവിതരണ-ബി) വകുപ്പ്

സ.ഉ.(കൈ) നം.56/2020/ജ.വി.വ തീയതി,തിരുവനന്തപുരം, 27/10/2020

പരാമർശം:- 1 19/03/2014 ലെ സ.ഉ (സാധാ) നം. 319/2014/ഡബ്ല്യു.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്

2 12.08.2015-ലെ G.O(MS) No.77/2015/WRD നമ്പർ സർക്കാർ ഉത്തരവ്.

3 WP(C) No.32558/2017 കേസിലെ 01/10/2019-ലെ കോടതി വിധിന്യായം.

4 17/06/2020-ലെ കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറുടെ 20786/E3/2017/KWA നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള വാട്ടർ അതോറിറ്റിയിൽ NMR ആയി സേവനമനുഷ്ഠിച്ച് വരുന്ന 15 ജീവനക്കാർ, പരാമർശം (2) സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത്, തങ്ങളെ കേരള വാട്ടർ അതോറിറ്റിയിൽ സ്ഥിരപ്പെടുത്തിയ തീയതി മുതലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ, മുൻകാല പ്രാബല്യത്തോടെ ലഭിക്കുന്നതിനായി, ബഹു. കേരള ഹൈക്കോടതിയിൽ WP(C) No.32558/2017 കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ, WP(C)No.24590/1998-ലെ കോടതി വിധി മുഖേന അതിലെ ഹർജിക്കാർക്ക് നല്കപ്പെട്ട എല്ലാ ആനുകൂല്യങ്ങൾക്കും ഈ കേസിലെ ഹർജിക്കാർ അർഹരാണെന്നും, ആയതിനാൽ ഇവരെ സ്ഥിരപ്പെടുത്തിയ തീയതി മുതൽ തന്നെ സാമ്പത്തികാനുകൂല്യങ്ങൾ നല്കണമെന്നും പരാമർശം (3) പ്രകാരം ബഹു. കോടതി വിധിക്കുകയുണ്ടായി.

2. CLR ജീവനക്കാരായി കേരള വാട്ടർ അതോറിറ്റിയിൽ സർവ്വീസിൽ പ്രവേശിച്ച ഹർജിക്കാരെ, അവരുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, നിയമനരീതി എന്നിവയിൽ ഇളവ് അനുവദിച്ച് 22/05/1990 തീയതി പ്രാബല്യത്തിൽ NMR സർവ്വീസിൽ ആഗിരണം ചെയ്ത് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ 16/08/1991 ലെ നടപടി ക്രമങ്ങൾ പ്രകാരം ഉത്തരവാകുകയുണ്ടായി. തുടർന്ന് 28/10/2005 ലെ മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമങ്ങൾ പ്രകാരം 21/10/2005 തീയതി പ്രാബല്യത്തിൽ ഇവരെ വാട്ടർ അതോറിറ്റിയുടെ റഗുലർ സർവ്വീസിൽ ആഗിരണം ചെയ്യുകയുമുണ്ടായി. എന്നാൽ തങ്ങളെ NMR സർവ്വീസിൽ ആഗിരണം ചെയ്ത് 5 വർഷം പൂർത്തിയാക്കിയ തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ, അതായത്

22/05/1995 മുതൽ റഗുലറൈസ് ചെയ്യണമെന്ന അപേക്ഷകരുടെ ആവശ്യം, പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ നിരസിക്കുകയുണ്ടായി. എന്നാൽ, പിന്നീട്, 27/02/2015 ലെ. WP(c) നം. 28851/2013, 10397/2014 എന്നീ കേസുകളിലെയും 27/03/2015 ലെ 101/2015 കേസിലെയും ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരുൾപ്പെടെയുള്ള 316 എൻ.എം.ആർ ജീവനക്കാരെ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം NMR സർവ്വീസിൽ 5 വർഷം പൂർത്തിയാക്കിയ തീയതി മുതൽ ക്രമീകരിക്കുകയുണ്ടായി. എന്നാൽ സാമ്പത്തിക ആനുകൂല്യങ്ങൾ ഈ ഉത്തരവ് തീയതി മുതൽ മാത്രമേ നൽകുകയുള്ളൂ എന്ന് ഉത്തരവായിരുന്നു.

3. ബഹു. കോടതിയുടെ വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേസിലെ ഹർജിക്കാരായ 15 പേർക്കും സാമ്പത്തികാനുകൂല്യം നൽകുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയുടെ വിശദാംശം മാനേജിംഗ് ഡയറക്ടർ പരാമർശിത കത്ത് മുഖേന റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ലെ ബഹു. ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിനായി, പരാമർശം (2) സർക്കാർ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് കേരള വാട്ടർ അതോറിറ്റിയിൽ NMR ആയി സേവനമനുഷ്ഠിച്ചു വരുന്നതും WP(C) No.32558/2017 കേസിലെ ഹർജിക്കാരുമായ 15 ജീവനക്കാർക്ക്, ഇവരെ കേരള വാട്ടർ അതോറിറ്റിയുടെ സർവ്വീസിൽ ക്രമീകരിച്ച തീയതി മുതലുള്ള സാമ്പത്തികാനുകൂല്യം, ഇതൊരു കീഴ്വഴക്കമാക്കില്ല എന്ന വ്യവസ്ഥയോടെ, നൽകി ഉത്തരവാകുന്നു. പരാമർശിത കോടതി ഉത്തരവ് ഇപ്രകാരം പാലിക്കപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.കെ.ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്
1.മാനേജിങ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2.അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
4. ബന്ധപ്പെട്ട എല്ലാ ഹർജികർക്കും ( എം.ഡി, KWA മുഖേന)
5.പൊതുഭരണ (എസ്.സി) വകുപ്പ് (21/10/2020-ലെ ഇനം നമ്പർ 4339പ്രകാരം)
6.ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ
7.കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

OFFICE OF THE ADDITIONAL CHIEF SECRETARY, WATER RESOURCES & CSIN DEPARTMENT
22 OCT 2020

## തീയതി : 21-10-2020

ഫയൽ നം. ഡബ്ല്യൂ.എസ്.-ബി3/126/2018-ജവിവ. ഇനം നം: 4279

വിഷയം : ജലവിഭവ വകുപ്പ് - കേരള വാട്ടർ അതോറിറ്റിയിൽ NMR ആയി സേവനമനുഷ്ഠിച്ചു വരുന്നതും WP(C) No.32553/2017 കേസിലെ ഹർജിക്കാരുമായ 15 ജീവനക്കാർക്ക് 12.08.2015-ലെ G.O.(MS) No.77/2015/WRD ഭേദഗതി ചെയ്ത് കേരള വാട്ടർ അതോറിറ്റിയിൽ അവരെ സ്ഥിരപ്പെടുത്തിയ തീയതി മുതലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ മുൻകാല പ്രാബല്യത്തോടെ നൽകുന്നത്.

JS (B) Please issue orders.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

22/10/2020

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

22/10/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

4279

145

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യു.എസ്-ബി3/126/2018-ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | കേരള വാട്ടർ അതോറിറ്റിയിൽ NMR ആയി സേവനമനുഷ്ഠിച്ചു വരുന്നതും WP(C) No.32558/2017 കേസിലെ ഹർജിക്കാരുമായ 15 ജീവനക്കാർക്ക് 12.08.2015-ലെ G.O(MS) No.77/2015/WRD ഭേദഗതി ചെയ്ത് കേരള വാട്ടർ അതോറിറ്റിയിൽ അവരെ സ്ഥിരപ്പെടുത്തിയ തീയതി മുതലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ മുൻകാല പ്രാബല്യത്തോടെ നൽകുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 16/09/2020 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>:<br>: | അതെ<br>ഉണ്ട്<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>നിയമവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. രജികുമാർ. ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ടി.കെ.ജോസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29/09/2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/10/2020 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ കൃഷ്ണൻ കുട്ടി |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 14.10.2020 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16.10.2020 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 21/10/2020 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | GO(Ms) No. 56/2020/WRD<br>dt: 27/10/2020 |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

146 കേരള വാട്ടർ അതോറിറ്റിയിൽ NMR ആയി സേവനമനുഷ്ഠിച്ച് വരുന്നതും WP(C) No.32558/2017 കേസിലെ ഹർജിക്കാരുമായ 15 ജീവനക്കാർക്ക് പ്രസ്തുത കേസിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിക്കുന്നതിനായി, 12.08.2015-ലെ G.O(MS) No.77/2015/WRD നം. സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത്, കേരള വാട്ടർ അതോറിറ്റിയിൽ അവരെ സ്ഥിരപ്പെടുത്തിയ തീയതി മുതലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ മുൻകാല പ്രാബല്യത്തോടെ നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

147 2. CLR ജീവനക്കാരായി കേരള വാട്ടർ അതോറിറ്റിയിൽ സർവ്വീസിൽ പ്രവേശിച്ച ഹർജിക്കാരെ, അവരുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, നിയമനരീതി എന്നിവയിൽ ഇളവ് അനുവദിച്ച് 22/05/1990 തീയതി പ്രാബല്യത്തിൽ എൻ.എം.ആർ സർവ്വീസിൽ ആഗിരണം ചെയ്ത് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ 16/08/1991 ലെ നടപടി ക്രമങ്ങൾ പ്രകാരം ഉത്തരവാകുകയുണ്ടായി. തുടർന്ന് 28/10/2005 ലെ മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമങ്ങൾ പ്രകാരം 21/10/2005 തീയതി പ്രാബല്യത്തിൽ ഇവരെ വാട്ടർ അതോറിറ്റിയുടെ റഗുലർ സർവ്വീസിൽ ആഗിരണം ചെയ്യുകയുമുണ്ടായി.

148 3. എന്നാൽ തങ്ങളെ എൻ.എം.ആർ സർവ്വീസിൽ ആഗിരണം ചെയ്ത് 5 വർഷം പൂർത്തിയാക്കിയ തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ, അതായത് 22/05/1995 മുതൽ റഗുലറൈസ് ചെയ്യണമെന്ന അപേക്ഷകരുടെ ആവശ്യം 19/03/2014 ലെ സ.ഉ (സാധാ) നം. 319/2014/ഡബ്ല്യൂ.ആർ.ഡി പ്രകാരം സർക്കാർ നിരസിക്കുകയുണ്ടായി. എന്നാൽ, പിന്നീട്, 27/02/2015 ലെ. ഡബ്ല്യൂ. പി.(സി) നം. 28851/2013, 10397/2014 എന്നീ കേസുകളിലെയും 27/03/2015 ലെ 101/2015 കേസിലെയും ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരുൾപ്പെടെയുള്ള 316 എൻ.എം.ആർ ജീവനക്കാരെ 12/08/2015 ലെ സ.ഉ (കൈ) നം. 77/2015 ഡബ്ല്യൂ.ആർ.ഡി പ്രകാരം എൻ.എം.ആർ സർവ്വീസിൽ 5 വർഷം പൂർത്തിയാക്കിയ തീയതി മുതൽ ക്രമീകരിക്കുകയുണ്ടായി. എന്നാൽ സാമ്പത്തിക ആനുകൂല്യങ്ങൾ ഈ ഉത്തരവ് തീയതി മുതൽ മാത്രമേ നൽകുകയുള്ളൂ എന്ന് ഉത്തരവായിരുന്നു.

149 4. സാമ്പത്തിക ആനുകൂല്യങ്ങൾ, സർവ്വീസ് ക്രമീകരിച്ച തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ നൽകണമെന്ന് ആവശ്യപ്പെട്ട് അവരുടെ സഹപ്രവർത്തകരിൽ ചിലർ കോടതി ഉത്തരവിന്റെ പിൻബലത്തിൽ മുൻകാല പ്രബല്യത്തോടെയുള്ള സാമ്പത്തിക

ആനുകൂല്യങ്ങൾ നേടിയെടുത്തതിനാൽ പ്രസ്തുത കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾക്കും അതേ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് അപേക്ഷിച്ചു കൊണ്ട് ഹർജിക്കാർ ബഹു.ഹൈക്കോടതിയിൽ WP(C) No. 32558/2017 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ, WP(C) No.24590/1998-ലെ കോടതി വിധി മുഖേന ഹർജിക്കാർക്ക് നൽകപ്പെട്ട എല്ലാ ആനുകൂല്യങ്ങൾക്കും ഈ കേസിലെ ഹർജിക്കാർ അർഹരാണെന്നും, ആയതിനാൽ ഇവരെ സ്ഥിരപ്പെടുത്തിയ തീയതി മുതൽ തന്നെ സാമ്പത്തികാനുകൂല്യങ്ങൾ നൽകണമെന്നും 01.10.2019-ൽ ബഹു. കോടതി വിധിക്കുകയുണ്ടായി. മാത്രമല്ല പ്രസ്തുത വിധിയുടെ പകർപ്പ് ലഭിച്ച് ആറു മാസത്തിനകം തന്നെ ഹർജിക്കാർക്കുള്ള മുഴുവൻ സാമ്പത്തികാനുകൂല്യങ്ങളും നൽകണമെന്നും കോടതി വിധിച്ചു. കോടതി വിധി നടപ്പാക്കുന്നതിനുള്ള സമയ പരിധി അവസാനിച്ചതിനാൽ വിധി നടപ്പാക്കുന്നതിന് സാവകാശം ചോദിച്ച് ഹർജി ഫയൽ ചെയ്തിരുന്നെങ്കിലും 18.09.2020-ന് അതിന്റെ സമയപരിധിയും അവസാനിച്ചിട്ടുണ്ട്.

/S\ 5. കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച അഭിപ്രായത്തിനായി നിയമ വകുപ്പിനെ സമീപിച്ചപ്പോൾ അവർ ഇപ്രകാരം ഉപദേശിക്കുകയുണ്ടായി-

"WP(C) 32558/2017- നം കേസിലെ 01/10/2019- തീയതിയിലെ വിധിന്യായത്തിൽ സമാന വിഷയത്തിൽ WP(C) No. 24590/1998, 10888/14-നം കേസുകളിലെ മതിയായ യോഗ്യതയുള്ളവരും അല്ലാത്തവരുമായ ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തോടെ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ WP(c) 32558/2017- നം കേസിലെ ഹർജിക്കാർക്കും പ്രസ്തുത ആനുകൂല്യത്തിന് അർഹതയുണ്ടെന്നും ബഹു. കോടതി പരാമർശിച്ചിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ സമാനസ്ഥാനീയരായ ആളുകൾക്ക് പ്രസ്തുത ആനുകൂല്യം അനുവദിച്ചും ഒരു വിഭാഗത്തിന് ടി ആനുകൂല്യം നിഷേധിക്കുന്നതും ഭരണഘടനയുടെ Article 14 ന്റെ ലംഘനവും സ്വാഭാവിക നീതിയുടെ ലംഘനവുമാകുന്നതാണ്. ആയതിനാൽ പ്രസ്തുത കേസിൽ വിജയകരമായ അപ്പീൽ സാധ്യത ഉള്ളതായി കാണുന്നില്ല. എന്നിരുന്നാലും സർക്കാരിന് കടുത്ത സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന വിഷയമായതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞശേഷം ഭരണവകുപ്പിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്."

/S/ 6. ബഹു. കോടതിയുടെ നിർദ്ദേശങ്ങൾ പാലിക്കപ്പെടേണ്ടത് അത്യാവശ്യമായതിനാൽ കേസിലെ ഹർജിക്കാരായ 15 പേർക്കും സാമ്പത്തികാനുകൂല്യം

നൽകുമ്പോൾ സർക്കാരിന് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത എത്രയെന്ന് അറിയിക്കാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. കോടതി ഉത്തരവ് പ്രകാരമുള്ള സാമ്പത്തികാനുകൂല്യം നൽകുമ്പോൾ ഒരാൾക്ക് 5 ലക്ഷം രൂപ നിരക്കിൽ 15 പേർക്ക് 75 ലക്ഷം രൂപ അധിക സാമ്പത്തിക ബാധ്യത വരുമെന്ന് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

152 7. നിയമ വകുപ്പിന്റെ നിർദ്ദേശാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിനോട് അഭിപ്രായം അരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു-

"The Kerala Water Authority is facing Financial crisis. Its administrative expenses are at higher levels. The Government is providing funds for its salary and other expenses. The proposal of regularisation suggested by the Kerala Water Authority will normally increase the financial liability of the Government. Since Government is now facing financial constraints, Finance regrets its inability to agree to the proposal of Administrative Department for regularising the NMR workers retrospectively."

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അഭിപ്രായത്തിനായി ഫയൽ വീണ്ടും അയച്ചപ്പോൾ ധനവകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

"Finance sticks to its earlier remarks 15535/PUC1/14/Fin dated 21/02/2014 in AD file No. 16397/B3/13/WRD. AD is informed that this is the stand of FD and is advised to take a suitable decision in order to comply court orders.

This has the approval of Hon. M (Fin)."

153 8. തുടർന്ന് WP(C) No.32558/2017 നം കേസിലെ ഹർജിക്കാർക്ക് കോടതി ഉത്തരവ് പ്രകാരമുള്ള സാമ്പത്തികാനുകൂല്യം 12.08.2015-ലെ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് ഇത് ഒരു കീഴ്വഴക്കമാക്കാതെ, മുൻകാല പ്രാബല്യത്തോടെ നൽകുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

154 ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് WP(C) No.32558/2017 ലെ ബഹു. ഹൈക്കോടതിയുടെ 01.10.2019-ലെ ഉത്തരവ് പാലിക്കുന്നതിനായി ഇതിലെ 15 ഹർജിക്കാർക്ക്, ഇവരെ കേരള വാട്ടർ അതോറിറ്റിയുടെ സർവ്വീസിൽ ക്രമീകരിച്ച തീയതി മുതലുള്ള സാമ്പത്തികാനുകൂല്യം ഇതൊരു കീഴ്വഴക്കമാക്കില്ല എന്ന വ്യവസ്ഥയോടെ നൽകി 12.08.2015-ലെ G.O(MS) No.77/2015/WRD നം. സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകാമോ?